സാധിക്കുകയില്ല. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല. പാർട്ടി തീരുമാനിക്കുന്ന നിമിഷം ആ കാര്യം സോമനാഥ് ചാറ്റർജി നടപ്പിലാക്കിയിരിക്കും. അതിൽ ഒരു സംശയവും ഉണ്ടാകേണ്ട യാതൊരു കാര്യവുമില്ല.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അങ്ങ് ബുഷിന്റെ ഒരു ഏജന്റ് എന്നതരത്തിൽ നമ്മുടെ പ്രധാനമന്ത്രി മാറിയതിൽ അതിശയിച്ചല്ലോ? XXX പ്രധാനമന്ത്രിയായ ശേഷം ശ്രീ. മൻമോഹൻ സിംഗ് അമേരിക്കൻ കോൺഗ്രസ്സിൽ പങ്കെടുത്തിട്ട്, ഇംഗ്ലണ്ടിൽ അദ്ദേഹം പഠിച്ച ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ, പ്രസംഗിക്കുമ്പോൾ യൂറോപ്യൻമാർ ഇവിടെ വന്നില്ലായിരുന്നെങ്കിൽ ഇന്ത്യക്കാർ ഇപ്പോഴും ബാർബേറിയൻ യുഗത്തിൽ കഴിയുമായിരുന്നു എന്ന് നേരത്തേ പറഞ്ഞ് പാദസേവ ചെയ്ത ആളാണെന്ന കാര്യം കൂടി ശ്രദ്ധയിൽ പെടുത്തട്ടെ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഇതെല്ലാം തന്നെ പല തവണ നമ്മുടെ രാജ്യത്ത് ചർച്ചചെയ്തിട്ടുള്ളതാണ്. നാമെല്ലാം പല സന്ദർഭത്തിലായിട്ട് ഇവിടെ ചർച്ചചെയ്തിട്ടുണ്ട്.

# IX ക്രമപ്രശ്നം

## പ്രധാനമന്ത്രിയെക്കുറിച്ചുള്ള പരാമർശം നീക്കം ചെയ്യണമെന്ന ആവശ്യം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ലോകം ആദരിക്കുന്ന ഏറ്റവും വലിയ എക്കണോമിസ്റ്റും ധനതത്വ ശാസ്ത്രജ്ഞനുമായ ശ്രീ. മൻമോഹൻ സിംഗ് XXX എന്ന് ഒരു മന്ത്രി ഇവിടെ സംസാരിക്കുന്നത് ഓർഡറിലാണോ? ഒരു കാരണവശാലും നിയമസഭ രേഖയിൽ കാണരുത് റൂൾ 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണം എന്നുമാത്രമല്ല അത് പത്രത്തിൽ വരരുത് എന്ന് അങ്ങ് റൂൾ ചെയ്യുകയും ചെയ്യണം.

ശ്രീ. ജി. സുധാകരൻ: ഞാൻ ഇപ്പോൾ XXX പറഞ്ഞിട്ടില്ല. XXX എന്നാണ് പറഞ്ഞത്. ഇപ്പോഴെങ്ങനെയാണ് പ്രധാനമന്ത്രി XXX ആകുന്നത്.

## റൂളിംഗ്

മി.ഡെപ്യൂട്ടി സ്പീക്കർ: രേഖ പരിശോധിക്കാം. അത് പരിശോധിക്കാം .....(ബഹളം)......... അത് പരിശോധിക്കാം............(ബഹളം)................ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞോട്ടെ...........(ബഹളം)...........ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ അദ്ദേഹം ഇപ്പോൾ XXX എന്ന വാചകം ഉണ്ടെങ്കിൽ അത് രേഖയിൽ ഉണ്ടാവില്ല. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ രേഖയിൽ ഉണ്ടാകില്ല.

---

XXX അദ്ധ്യക്ഷവേദിയിലിരുന്ന ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശാനുസരണം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: എന്റെ രണ്ട് മിനിട്ടാണ് പോയത് കുറച്ച് സമയം.............

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ പറഞ്ഞു കഴിഞ്ഞു അത് രേഖയിൽ ഉണ്ടാകില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: പോയിന്റ് ഓഫ് ഓർഡർ. റൂൾ 307 അനുസരിച്ച് അത് നീക്കം ചെയ്യേണ്ട ഒരു കാര്യവുമില്ല. ഒരു വസ്തുത എന്തിനാ നീക്കം ചെയ്യുന്നത്. അദ്ദേഹം ഒരു XXX ഇപ്പോഴും അദ്ദേഹം പെൻഷൻ വാങ്ങുന്നുണ്ട്..............(മൈക്ക് ഓഫ്)..........

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പോയിന്റ് ഓഫ് ഓർഡർ കാരണം എന്റെ രണ്ട് മിനിട്ടു സമയം നഷ്ടമായി

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് സംസാരിക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ശ്രീ. മൻമോഹൻ സിംഗ് സാമ്രാജ്യത്വത്തിന്റെ XXX നേരത്തേ എന്ന് പറയുന്നത് ലോകമാകെ അംഗീകരിച്ച യാഥാർത്ഥ്യമാണ്. എല്ലാവർക്കും അറിയുന്ന കാര്യമാണ്. അതിന്റെമേലെ വിവാദമുണ്ടാക്കേണ്ട യാതൊരു കാര്യവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്റർ, അങ്ങ് പ്രസംഗം അവസാനിപ്പിക്കണം...........(ബഹളം)..........(ബഹളം).........നോ........നോ...... ഞാൻ പറഞ്ഞു അത് രേഖയിൽ ഉണ്ടാകില്ല. ചെയർ ഒരു റൂളിംഗ് നൽകിയ ശേഷം വീണ്ടും ആ വാക്ക് ആവർത്തിക്കുന്നത് ശരിയല്ല. .........(ബഹളം).........

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ സീറ്റിനടുത്ത് വന്നുനിന്ന് ബഹളം വച്ചു)

മി. ഡെപ്യൂട്ടി സ്പീക്കർ: ........(ബഹളം)...........നിങ്ങൾ പറഞ്ഞ................ നോ........... ഞാൻ പറഞ്ഞു വീണ്ടും അത് ആവർത്തിക്കാൻ പാടില്ല. ഇങ്ങനെ പോകുന്നത് ശരിയല്ല. പാടില്ല എന്ന് ചെയർ പറഞ്ഞു കഴിഞ്ഞു. ചെയർ റൂളിംഗ് കൊടുത്ത വിഷയം വീണ്ടും പറയാൻ പാടില്ല എന്ന് പറഞ്ഞു. പറയാൻ പാടില്ല. പറഞ്ഞാൽ രേഖയിൽ ഉണ്ടാകില്ല. നിങ്ങൾ പോകൂ, പ്ലീസ്... പ്ലീസ്......

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് തിരിച്ച് പോയി)

---

XXXഅദ്ധ്യക്ഷവേദിയിലിരുന്ന ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശാനുസരണം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly